9

# പൗലൊസ് സ്നാനം പഠിപ്പിച്ചു

*"... ശീലാസും തിമൊഥെയൊസും മക്കെദോന്യയിൽ നിന്നു വന്നാറെ പൌലോസ് വചനഘോഷണത്തിൽ, ശുഷ്കാന്തി പൂണ്ടു യേശു തന്നേ ക്രിസ്തു ... എന്നു യെഹൂദന്മാർക്കു സാക്ഷീകരിച്ചു. പള്ളി പ്രമാണിയായ ക്രിസ്പോസ് തന്റെ സകല കുടുംബത്തോടും കൂടെ കർത്താവിൽ വിശ്വസിച്ചു കൊരിന്ത്യർ അനേകർ വചനം കേട്ടു വിശ്വസിച്ചു സ്നാനമേറ്റു" (പ്രവൃത്തി 18:5-8).*

വലിയ ഉപദ്രവകാരിയായിരുന്ന - പൗലോസ് - എന്നും അറിയപ്പെട്ടിരുന്ന ശൗൽ, യേശുക്രിസ്തുവിന്റെ വലിയ സുവിശേഷ പ്രാസംഗികനായി തീർന്നു. അവന്റെ ശുശ്രൂഷ ആരംഭിച്ചതു താൻ യേശുവിനെ കണ്ടതിനും, മൂന്നു ദിവസം പ്രാർത്ഥിക്കയും, ഉപവസിക്കയും തന്റെ പാപങ്ങളെ കഴുകി കളയുവാൻ സ്നാനമേറ്റതിനും ശേഷമായിരുന്നു (പ്രവൃത്തി 22:16). ഒരിക്കൽ ഉപദ്രവിച്ചവനിൽ ആണ് അവൻ *വിശ്വസിച്ചതും* അനുസരിച്ചതും പ്രസംഗിക്കാൻ തുടങ്ങിയതും (ഗലാത്യർ 1:23). അതു അവൻ മനുഷ്യനിൽ നിന്നു പഠിച്ച*തല്ല* (ഗലാത്യർ 1:11, 12) യേശുവിൽ നിന്നാണ് (1 കൊരിന്ത്യർ 14:37). ആത്മാവിൽ കൂടെയാണ് (എഫെസ്യർ 3:3).

പ്രാരംഭ അപ്പൊസ്തലന്മാരുടേയും, പുതിയനിയമ പ്രവാചകന്മാരുടേയും അതേ സന്ദേശം തന്നെയാണ് അപ്പൊസ്തലൻ എന്ന നിലയിൽ പൗലോസും പ്രസംഗിച്ചത്. ഇക്കാരണത്താൽ പൗലോസിന്റെ സുവിശേഷം, മറ്റു ദൈവശ്വാസീയ മനുഷ്യരുടെ, സുവിശേഷം തന്നെയായിരുന്നു. അതു മാത്രമായിരുന്നു സത്യ സുവിശേഷം. ആരെങ്കിലും മറ്റൊരു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകുന്നു (ഗലാത്യർ 1:8, 9). പത്രൊസ്, എഴുതിയതിൻ പ്രകാരം പൗലോസിന്റെ എഴുത്തുകൾ തന്റെ ലേഖനങ്ങളുമായി യോജിക്കുന്നതാണെന്നും മറ്റു തിരുവെഴുത്തുകളെ പോലെ ആധികാരികമാണെന്നും അത്രേ (2 പത്രൊസ് 3:15-17). പൗലോസ് പഠിപ്പിച്ചതെല്ലാം മറ്റു ദൈവശ്വാസീ

യരായ പുരുഷന്മാർ പഠിപ്പിച്ചിരുന്നതിന്റെ പ്രതിഫനമായിരുന്നു.

പൗലോസിന്റെ പ്രസംഗങ്ങളുടെ സംക്ഷിപ്തരൂപം പ്രവൃത്തികളുടെ പുസ്തകത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും (പ്രവൃത്തി 13:16-41; 14:15-17; 22:1-21; 26:2-23), സ്നാനത്തെക്കുറിച്ചു തന്റെ സ്വന്ത സ്നാനത്തെക്കുറിച്ചല്ലാതെയുള്ള, പ്രസ്താവനകൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല, (22:16). അവന്റെ പ്രസംഗം കേട്ടവർ സ്നാനമേറ്റു (16:15, 33; 18:8), എന്നതു സൂചിപ്പിക്കുന്നതു അവന്റെ പ്രസംഗത്തിൽ സ്നാനവും ഉൾപ്പെട്ടിരുന്നു എന്നാണ്. അവന്റെ സ്നാനത്തെക്കുറിച്ചുള്ള ഗ്രാഹ്യം ലേഖനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ചിലരെ അവൻ സ്നാനപ്പെടുത്തിയിട്ടുണ്ട് എന്നതും വാസ്തവമാണ് (1 കൊരിന്ത്യർ 1:16).

യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോടു പ്രതികരിച്ചു ഹൃദയം - മാറുന്നതായിട്ടാണ് പൗലോസിന്റെ ലേഖനങ്ങൾ വിവരിക്കുന്നതു, അല്ലാതെ അതു വെറും ഒരു ചടങ്ങോ, ആഘോഷമോ, അന്ധമായ അനുസരണമോ ആയിട്ടല്ല.

**റോമർ 6:1-18**

യേശുക്രിസ്തുവിന്റെ ജീവൻ, മരണം, രക്തം എന്നിവയിലൂടെ (5:9, 10) നമ്മെ നീതീകരിച്ചു (5:2, 15, 17, 20, 21), രക്ഷിച്ച്, (5:1, 9, 10) എടുക്കുന്നതു യേശുവിന്റെ കൃപയുടെ അടിസ്ഥാനത്തിലാണെന്നു റോമർ 5-ൽ പൗലോസ് വിവരിക്കുന്നു. ഈ ആനുകൂല്യങ്ങൾ, കൃപയാൽ ലഭിക്കുന്നതു ഒരാൾ യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ പങ്കു ചേരുവാൻ സ്നാനമേല്ക്കുമ്പോഴാണ്. അതു പാപത്തിൽ തുടരുന്നതിന്നുവേണ്ടിയല്ല (റോമർ 6:1, 2). പാപജീവിതത്തിൽ നിന്നു സ്വതന്ത്രരാകേണ്ടതിനാണ് (റോമർ 6:2). ശരിയായി മനസിലാക്കി ഹൃദയപൂർവ്വം അനുസരിച്ചു, സ്നാനമേല്ക്കുമ്പോൾ *പാപത്തെ മരിപ്പിക്കയും പാപത്തിൽ നിന്നു സ്വാതന്ത്ര്യവും ലഭിക്കും* (റോമർ 6:4-6, 17, 18).

ക്രിസ്തുവിന്റെ മരണത്തോടു, ബന്ധപ്പെട്ടു സ്നാനപ്പെടുന്നവർക്കു അതിന്റെ ആനുകൂല്യങ്ങൾ എല്ലാം ലഭിക്കുമെങ്കിലും റോമർ 6:3, 4 വരെയുള്ള ഭാഗങ്ങളിൽ പൗലോസ് സ്നാനത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതു ആ ഉദ്ദേശത്തിനായിട്ടല്ല. ഒരാൾ യേശുവിന്റെ *മരണത്തോ ടു*, ഹൃദയപൂർവ്വം സ്നാനത്തിലൂടെ, പ്രതികരിക്കുമ്പോൾ പാപത്തോടു വിട പറഞ്ഞു പാപത്തിൽ നിന്നു സ്വതന്ത്രനാകുന്നു, എന്നു കാണിക്കുകയാണ് പൗലോസിന്റെ ലക്ഷ്യം.

പൗലോസ് പറയുന്നതു, "ഒരാൾ യേശുവിന്റെ മരണത്തിലേക്കു പ്രവേശിക്കുന്നതു സ്നാനം മുഖാന്തരമാണ്. ആരുടെയെങ്കിലും മരണത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞാൽ അവനോടു കൂടെ മരിക്കുക എന്നാണർത്ഥം, ഈ കാര്യത്തിൽ മരണം എന്നതു പാപസംബന്ധമായി മരിക്കുക എന്നാണ്. അതിനുശേഷം, അവന്റെ കഴിഞ്ഞ

കാല പാപത്തിൽ നിന്നു വിടുതൽ കിട്ടി ഒരു പുതിയ ജീവിതം തുടങ്ങുന്നു.” “പാപസംബന്ധമായി മരിക്കുക” എന്ന പദപ്രയോഗത്തിൽ (റോമർ 6:2), പൗലോസ് അർത്ഥമാക്കിയതു ക്രിസ്ത്യാനികൾ പാപത്തെ സേവിക്കുന്നതും പരിശീലിക്കുന്നതും അവസാനിപ്പിക്കണം എന്നാണ്. ഈ മരണം പുതിയ ജീവിതത്തിലേക്കും പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിലേക്കും മാറ്റുന്നു, പാപം ലക്ഷ്യമല്ലാത്ത ഒരു ജീവിതം. പാപസംബന്ധമായ മരണം സംഭവിക്കുന്നതു സ്നാനപ്പെടുമ്പോഴാണ്. സ്നാനത്തിൽ യേശുവിനോടു കൂടെ അടക്കപ്പെടുമ്പോൾ പാപസംബന്ധമായി മരിക്കയാണ്: “... നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം, പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു” (റോമർ 6:6). ഈ രീതിയിൽ പാപസംബന്ധമായി മരിച്ച വ്യക്തി “പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു” (റോമർ 6:7, 18).

വെറും യാന്ത്രികമായ ഒരു പ്രവൃത്തികൊണ്ടു പാപത്തിൽ, നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു പുതുജീവൻ കിട്ടുമെന്നു ആരും തെറ്റിദ്ധരിക്കാതിരിക്കേണ്ടതിന്നു പൗലോസ് തുടർന്നു പറയുന്നു “പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു” “നീതിക്കു ദാസന്മാരായി തീർന്നു” (റോമർ 6:18). “നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപം ഹൃദയപൂർവ്വം അനുസരിച്ചതുകൊണ്ടാണ് അങ്ങനെ ആയത്” (റോമർ 6:17). സ്നാനപ്പെടുമ്പോഴാണ് ഇതു സംഭവിക്കുന്നത്, വെറുമൊരു *ഭൗതിക* പ്രവൃത്തി ചെയ്യുമ്പോൾ മാത്രം സംഭവിക്കുന്ന *തല്ല* ഇത്. യേശുവിന്റെ ഭൗതിക ശരീരം അടക്കപ്പെട്ടതുപോലെ, ഒരു വ്യക്തിയുടെ പാപസംബന്ധമായ ശരീരം *ആത്മീയമായി* വെള്ളമാകുന്ന സ്നാനത്തിൽ അടക്കം ചെയ്യണം. അങ്ങനെ എഴുന്നേറ്റുവരുമ്പോഴാണ് ജീവന്റെ പുതുക്കത്തിൽ നടക്കാൻ കഴിയുന്നത്.

സ്നാനം ഒരു യാഗമായിട്ടാണ്, പൗലോസ് അവതരിപ്പിക്കുന്നതു. മൃഗയാഗമായി *ട്ടല്ല*, പഴയ മനുഷ്യനെയാണ് ക്രൂശിക്കേണ്ടതു (റോമർ 6:6). ഇത്തരത്തിലുള്ള യാഗം പുതിയനിയമത്തിൻ കീഴിൽ ഇന്നും ഉണ്ട് – അതു മൃഗങ്ങളെ യാഗം കഴിക്കുന്ന*തല്ല*, പഴയ മനു ഷ്യനെ ക്രൂശിൽ തറക്കുന്നതാണ് (ഗലാത്യർ 2:20; റോമർ 12:1). അതു ക്രിസ്തുവിന്നു വേണ്ടി പുതിയ ജീവിതം നയിക്കേണ്ടതിന്നാണ്. പൗലോസിനെ സംബന്ധിച്ച്, സ്നാനം, എന്നതു മരിച്ച് ക്രൂശീകരിക്കപ്പെടുന്നവർക്കാണ്, പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിക്കുന്നവർക്കാണ് (റോമർ 6:6, 7, 17, 18).

ഒരു വെറും ചടങ്ങിന്നു ഇത്തരം ഫലമുളവാക്കാൻ കഴിയുകയില്ല. സ്നാനം പാപത്തിന്റെ കുറ്റവും, പാപത്തിലുള്ള അടിമത്വവും തമ്മിലുള്ള ബന്ധം മനസിലാക്കാതെ ദൈവത്തെ അനുസരിക്കാൻ മാ ത്രം സ്നാനം ഏല്ക്കുന്നതു ആ പ്രവൃത്തിയുടെ ഉദ്ദേശം നഷ്ടമാക്കുക

യാണ്. സ്നാനം ഒരാളെ പഴയ മനുഷ്യനെ മരിപ്പിച്ചു പുതിയ ജീവിതത്തിലേക്കു കൊണ്ടുവരുന്നതാണ്. സ്നാനമേല്‌ക്കുന്ന ആൾ പാപത്തെ ഓർത്തു നീക്കം ചെയ്യുവാൻ തീരുമാനിച്ചു പാപം പരിശീലിക്കുന്നതു പരിഹരിക്കയും വേണം. ഈ രീതിയിൽ സ്നാനത്തിൽ, അയാൾ പാപസംബന്ധമായി മരിച്ച് പുതിയ ജീവിതത്തിന്നു സ്വതന്ത്രനായി തീരുന്നു (റോമർ 6:6).

വിശപ്പുള്ള ഒരാളുടെ നേർക്കു ഭക്ഷണം നീട്ടിയാൽ അയാൾ എത്തിപ്പിടിക്കും, എന്നാൽ മരിച്ച ആളുടെ മൂക്കിൽ അയാൾക്കിഷ്ടമായ ആഹാരം വെച്ചു നീട്ടിയാലും അയാൾ അതു സ്വീകരിക്കയില്ല, അതുപോലെ ഒരിക്കൽ സംബന്ധമായി മരിച്ചു കഴിഞ്ഞാൽ സ്നാനത്തിൽ പാപസംബന്ധമായി മരിച്ച വ്യക്തി പിന്നെ പാപത്തെ ഇഷ്ടപ്പെടുകയില്ല.

പുതിയ ജീവതം ആരംഭിക്കുന്നതിനുള്ള ഹൃദയ തീരുമാനമാണ് മാനസാന്തരം; സ്നാനവുമായി ബന്ധപ്പെട്ടു, ഈ തീരുമാനം അയാളുടെ പുതിയ ജീവിതത്തിൽ യേശുവിന്റെ മരണവും അടക്കവും ഉയിർപ്പും തിരിച്ചറിഞ്ഞ് സ്നാനത്തിൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടാണ് പുതിയജീവിതം നയിക്കുന്നത്. ഒരാൾ സ്നാനമേല്ക്കുമ്പോൾ ഇങ്ങനെയാണ്, *പുതിയ ജനനം* നടക്കുന്നത്. ബാഹ്യമായ ഒരു പ്രവൃത്തികൊണ്ടു മാത്രം ഈ മാറ്റം വരുന്നില്ല. (അങ്ങനെയെങ്കിൽ, ശക്തിയുള്ളവർ മറ്റുള്ളവരെ ബലമായി പിടിച്ചു സ്നാനപ്പെടുത്തി മാറ്റാവുന്നതാണ്). ഹൃദയത്തിൽ നിന്നുള്ള പ്രതികരണം കൊണ്ടു മാത്രമേ ഇത്തരം മാറ്റം വരികയുള്ളൂ. ഈ തീരുമാനം വാസ്തവമല്ലെങ്കിൽ പൗലോസ് റോമർ 6:1-18 വരെയുള്ള ഭാഗത്തു ഭൗതികമായ പ്രവൃത്തി, കൊണ്ടു മാറ്റം സംഭവിക്കുന്നില്ല എന്നു എതിർവാദം നടത്തേണ്ട കാര്യമില്ലായിരുന്നു. *എന്നാൽ* പഴയനിയമത്തിന്റേയും പുതിയ നിയമത്തിന്റേയും തത്വം സമ്മതിക്കുന്നതാണ് ഹൃദയമാറ്റം.

### ഗലാത്യർ 3:26, 27

ഇതേ രീതിയിലുള്ള ബന്ധം, സ്നാനവും മാറിയ ജീവിതവും തമ്മിൽ ഉള്ളതായി ഗലാത്യർ 3:26, 27-ൽ കാണാം. സ്നാനത്തിൽ വിശ്വാസം മുഖാന്തരം ദൈവമകനായി, ക്രിസ്തുവിനെ ധരിക്കുന്നു എന്നു പൗലോസ് വിവരിക്കുന്നു. ദൈവമകനാകുക എന്ന ആശയത്തിൽ ദൈവത്തോടുള്ള ബന്ധത്തിൽ ദൈവസ്വഭാവത്തിൽ ആയി തീരുക എന്ന ആശയം അടങ്ങിയിരിക്കുന്നു. ("മകൻ" അല്ലെങ്കിൽ "പൈതൽ," എന്ന ഉപയോഗം ഗ്രീക്കിൽ *ഹുയിയോസ്*, ചിലപ്പോൾ *സ്വഭാവം* എന്നർത്ഥമാകുന്നുണ്ട്, മത്തായി 23:15; ലൂക്കോസ് 16:8; യോഹന്നാൻ 12:36; എഫെസ്യർ 2:2; 1 തെസലൊനിക്യർ 5:5).

ദൈവ സ്വഭാവത്തെ എടുക്കുവാൻ തുടങ്ങുന്നതാണ് ക്രിസ്തു

വിനെ ധരിക്കുക. എന്നാൽ ബാഹ്യമായ വെറും സ്നാനമെന്ന പ്രവൃത്തിയാൽ അത്തരം മാറ്റം വരുത്താവുന്നതല്ല. കഠിന ഹൃദയനായ ക്രൂരകൃത്യം ചെയ്യുന്ന കുറ്റവാളിയെ ചർച്ച് ബിൽഡിങ്ങിൽ വലിച്ചിഴച്ചുകൊണ്ടു വന്നിരുന്നാൽ അയാൾ നല്ല ഒരു പൗരൻ "വിശുദ്ധൻ" ആകുമോ ഇല്ല. അത്തരം മാറ്റം ഹൃദയപ്രതികരണത്തിൽ നിന്നേ വരൂ. ഒരു വ്യക്തി കാര്യങ്ങൾ ശരിയായി മനസിലാക്കി ഹൃദയപൂർവ്വം പ്രതികരിച്ച് സ്നാനത്തിൽ *വീണ്ടും ജനിക്കുമ്പോൾ,* അതായത്,അയാൾ ഒരു ദൈവ മകനായിതീരുന്നു. വെറുമൊരു ചടങ്ങിനു അത്തരം മാറ്റം വരുത്താൻ സാദ്ധ്യമല്ല.

**ഏകസ്നാനം**

ഐക്യതയെ കുറിച്ചു പൗലോസ് പറഞ്ഞപ്പോൾ ഏക പ്രത്യാശയ്ക്കായി വിളിച്ചിരിക്കുന്നു എന്നും ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു എന്നു വിശദമാക്കുന്നുണ്ട് (എഫെസ്യർ 4:4–6). ഇവയിൽ മൂന്നു ദൈവികത്വമാണ് (ആത്മാവു, കർത്താവു, ദൈവം ഇവരെ ആരോഹണ ബന്ധത്തിലാണ് സൂചിപ്പിച്ചിരിക്കുന്നത്); രണ്ടാമതു (ശരീരവും വിശ്വാസവും) ഐക്യത നൽകുവാൻ ദൈവികത്വം നൽകുന്നതാണ് ഇവ രണ്ടും, അടുത്ത രണ്ടു കാര്യങ്ങൾ (പ്രത്യാശയും സ്നാനവുമാണ്). അവ മനുഷ്യന്റെ പ്രതികരണങ്ങളാണ്. ഈ പട്ടികയിൽ പറയുന്ന ഐക്യതയിൽപെടുന്ന സ്നാനത്തിനു ദൈവത്തിന്റെ ഐക്യതാ പദ്ധതിയിൽ പ്രാധാന്യമുണ്ട്.

ഹൃദയ പ്രതികരണത്താൽ ദൈവമക്കളായി തീർന്നവർക്കു സ്നാനം ഐക്യത വരുത്തും, കാരണം അവർ ക്രിസ്തുവിനെ ധരിക്കുന്നു (ദൈവസ്വഭാവം എടുക്കുന്നു). ആളുകളുടെ പശ്ചാത്തലം എന്തായിരുന്നാലും ഇത്തരം സ്നാനം ആളുകളെ ഒരേ ആത്മികഭാവത്തിലേയ്ക്കു രൂപാന്തരപ്പെടുത്തുന്നു, "യെഹൂദൻ എന്നോ, യവനനെന്നോ, ... ദാസനെന്നോ സ്വതന്ത്രനെന്നോ, ... സ്ത്രീ എന്നോ പുരുഷനെന്നോ; [എന്നാൽ പകരം] ... വ്യത്യാസമില്ലാതെ എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു'' (ഗലാതൃർ 3:28). ഇതിനോടനുബന്ധിച്ചുണ്ടാകുന്ന ആത്മീയമായി അടങ്ങിയിരിക്കുന്ന ബന്ധം ഒരു ഭൗതിക പ്രവർത്തിയ്ക്കും വരുത്തുവാൻ കഴിയില്ല. കാരണം വ്യത്യസ്ത കൂട്ടങ്ങളിൽ നിന്നുള്ളവരെ ഏക ജാതീയാവസ്ഥയിലും ഐക്യതയിലും കൊണ്ടു വരികയാണ്. സുവിശേഷ പ്രസംഗം കേട്ടു ഹൃദയത്തിൽ പ്രതികരിച്ച് അനുസരിക്കുന്നവരിലാണ് ഈ മാറ്റവും ഐക്യതയും ഉണ്ടാകുന്നത്.

## കൊലോസ്യർ 2:11-13

സ്നാനത്തെ സൂചിപ്പിച്ചുകൊണ്ട് റോമർ 6:3, 4-ൽ; വ്യക്തമാക്കിയിരിക്കുന്ന ചിത്രം കൊലോസ്യർ 2:11-13 ലും, പൗലോസ് ചിത്രീകരിക്കുന്നുണ്ട്. എങ്കിലും, പൗലൊസിന്റെ മനസ്സിൽ ഒരു ഉദ്ദേശം കൂടെ ചേർത്തിരിക്കുന്നതായി കാണാം.ക്രിസ്തുവിലുള്ളവർ എന്തുകൊണ്ടു പാപത്തിൽ തുടരുകയില്ല എന്നു പറയുകയാണ് റോമർ 6:1-18, വരെയുള്ള വാക്യങ്ങളിൽ. കൊലൊസ്യർ 2:11-13, വരെയുള്ള ഭാഗങ്ങളിൽ യേശുവിന്റെ മാഹാത്മ്യവും (കൊലൊസ്യർ 2:9, 10) ക്രിസ്തുവിൽ ആകുന്നവർക്കു ലഭിക്കുന്ന ഉപകാരങ്ങളും വിവരിക്കുന്നു.

ക്രിസ്തുവിൽ ആയി തീരുന്ന വ്യക്തി തികവുള്ളവനാകു ന്നു (കൊലൊസ്യർ 2:10), അവന്റെ ജീവിതത്തോടുള്ള ജഡിക സമീപനം നീങ്ങി,അകൃത്യങ്ങൾ മോചിക്കപ്പെട്ടു. ഇതു സംഭവിക്കുന്നതു സ്നാനത്തിൽ അയാൾ ക്രിസ്തുവിനോടു കൂടെ അടക്കപ്പെട്ടു ഉയിർത്തെഴുന്നേല്ക്കുമ്പോഴാണ് (കൊലൊസ്യർ 2:11-13). ഇതിൽ ഉപയോഗിച്ചിരിക്കുന്ന "പരിഛേദന" എന്നതു ഒരാളുടെ ജീവിത്തിലെ ജഡിക സമീപനം നീക്കിക്കളയുന്നതിനെ സൂചിപ്പിക്കുകയാണ്. "അകൃത്യങ്ങളിൽ മരിച്ചവരായ" എന്ന പ്രയോഗം ആത്മീയ ജീവിതം ഇല്ലാതെ പാപത്തിനു കീഴ്പ്പെട്ടു ദൈവത്തിൽ നിന്നകന്ന നിർജ്ജീവമായ അവസ്ഥയെ കാണിക്കുന്നു. ഒരാൾ സ്നാനം ഏല്ക്കുന്നതിനു മുൻപ് പാപത്തിൽ മരിച്ചവനാണ് (കൊലൊസ്യർ 2:13), അവൻ (ആത്മീയജീവിതം ഇല്ലാത്ത) പരിഛേദന ഏല്ക്കാത്ത (ജഡികജീവിതം നയിക്കുന്ന) വ്യക്തിയാണ്. സ്നാനമേല്ക്കുമ്പോൾ, മാറ്റം സംഭവിക്കുന്നു; അവൻ പരിഛേദന ഏല്ക്കുന്നു (പഴയജീവിതത്തോടുള്ള സമീപനം മാറുന്നു), അവൻ ജീവനുള്ളവനായി (പുതിയ ആത്മീയജീവിതം ലഭിച്ചു). ആത്മീയ ബന്ധമില്ലാത്ത ഭൗതിക പ്രവൃത്തിയ്ക്കു; ഈ മാറ്റം ജീവിതത്തിൽ വരുത്തുവാൻ സാദ്ധ്യ*മല്ല*. സ്നാനം മാന്ത്രികമായോ, മർമ്മമായോ അല്ല ഒരാളുടെ ജീവിതത്തെ മാറ്റുന്നത്. സ്നാനത്തിന്റെ ഉദ്ദേശം മനസ്സിലാക്കി, ജീവിതം മാറ്റേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി ആത്മീയമായ ഉദ്ദേശത്തോടെ, ജീവിതം മാറ്റുവാൻ ദൈവം സഹായിക്കും.

കൊലൊസ്യർ 2:12, 13, വരെയുള്ള വാക്യങ്ങൾ പ്രകാരം സ്നാനത്തിൽ രണ്ടു കാര്യങ്ങൾ സംഭവിക്കുന്നു: (1) ഒരാൾ മരണത്തിൽ നിന്നു ജീവിതത്തിലേയ്ക്കു കടക്കുമ്പോൾ ആത്മീയ മരണത്തിൽ നിന്നു ആത്മീയ ജീവിതത്തിലേയ്ക്കു യേശു തന്നെ ഉയിർപ്പിക്കുമെന്നു അവൻ വിശ്വസിക്കുന്നു (2) അവൻ യേശുവിനോടു കൂടെ മരിച്ചു, അടക്കപ്പെട്ടു ഉയർത്തെഴുന്നേല്ക്കുന്നതു കൊണ്ട് ആത്മീയമായ പരിഛേദന ഏല്ക്കുന്നു. ഒരാൾ ഭൗതിക സ്നാനത്തിനു കീഴ്പ്പെടുമ്പോൾ, യേശുവിന്റെ ജീവിതം, അടക്കം, ഉയിർപ്പ്,എന്നിവ പങ്കിടുക

യാണ്. ഇതു മനസ്സിലാക്കി ആത്മീയമായി പങ്കു ചേർന്നു കഴിയുമ്പോൾ ആ പ്രവൃത്തിയിൽ അവന്റെ പഴയ ജഡിക ജീവിതം മാറി, പുതിയ ജീവിതത്തിലേയ്ക്കു വരുന്നു (യോഹന്നാൻ 3:3–5), അവന്റെ അകൃത്യങ്ങൾ എല്ലാം മോചിക്കപ്പെടുകയും ചെയ്യും (കൊലാസ്യർ 2:13).

## വിശ്വാസം, കൃപ, സ്നാനം

ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ ലഭി ക്കുമെന്ന വിശ്വാസത്തിൽ എടുക്കുന്ന സ്നാനത്തിലാണ് ജീവിതം മാറു ന്നതും പാപമോചനം ലഭിക്കുന്നതും. സ്നാനപ്പെട്ട ആൾ ലഭിക്കുന്ന അനുഗ്രഹങ്ങൾ തിരിച്ചറിയുന്നുവെങ്കിൽ വിശ്വാസത്താൽ നിൽക്കാൻ കഴിയും. സ്നാനത്തിൽ മാത്രം വിശ്വാസം അർപ്പിക്കാത്തവരെ, അവരുടെ *വിശ്വാസം ദൈവ പ്രവൃത്തിയിൽ വെക്കുമ്പോൾ* കൃപയാൽ, യേശു ക്രിസ്തുവാണ് രക്ഷിക്കുന്നത് പാപമോചനത്തിലേയ്ക്കു നയിക്കുന്നതും (കൊലൊസ്യർ 2:12).

ജി.ആർ. ബെസ്‌ലെ – മുറേ വിശ്വാസത്താലും സ്നാനത്താലും ദൈവത്തോടു പ്രതികരിക്കുന്നവർക്കു കൃപയാൽ അവൻ നല്കുന്ന ദാനങ്ങളെക്കുറിച്ചു നന്നായി പ്രതിപാദിച്ചിട്ടുണ്ട്:

> വിശ്വാസത്തിനും സ്നാനത്തിനും ദൈവം നല്കുന്ന കൃപയുടെ തിരിച്ചറിയുന്ന അടയാളം ഒഴിഞ്ഞുമാറാൻ ആവാതെ എന്നിൽ വരുന്നു. സ്നാനമെന്ന സന്ദർഭത്തിലേക്കു വിശ്വാസത്തിലേക്കു ചലിപ്പിക്കുന്നതു ദൈവകൃപയാണ്: *സ്നാനത്തിൽ നല്കുന്ന ദൈവകൃപ യാലുള്ള വിശ്വാസവും അങ്ങനെയാണ്. അത്തരം ദാനങ്ങൾക്കു വിശ്വാസത്തിന്നു യാതൊരു യോഗ്യതയുമില്ല.* അവയെ പുറപ്പെടുവിക്കുവാനുള്ള ഒരു ശക്തിയും സ്നാനത്തിനില്ല; എല്ലാം ദൈവത്തിന്റേതാണ്, വിശ്വാസത്തിലേക്കും സ്നാനത്തിലേക്കും നമ്മെ വരുത്തുന്നതു ദൈവമാണ്, അവന്റെ പരമോന്നത സ്ഥാനത്തു പ്രസാദകരമായി തീരുമ്പോൾ അവൻ ക്രമമായി അവ നല്കുന്നു. അതുകൊണ്ടു വിശ്വാസം സ്വയം പര്യാപ്തമല്ല. ക്രിസ്തു അതു സുവിശേഷത്തിൽ വരുത്തുന്നു, വിശുദ്ധ കല്പനകളിൽ, സഭയിൽ അവയെല്ലാം ആവശ്യമാണ്. സ്നാനത്തെ സ്വയം – പ്രവർത്തിക്കുന്നതായും; കണക്കാക്കരുത്. മനുഷ്യന്റെ മനോഭാവത്തെ, കണക്കിലെടുക്കാതെ സ്നാനത്തിൽ വിശ്വാസത്തോടെ അപേക്ഷിച്ചാൽ ദൈവം പ്രവർത്തിക്കും എന്നും വിചാരിക്കരുത്. ദൈവം സ്നാനത്തിൽ എന്തു ചെയ്യുന്നു, എന്നു മനസിലാക്കാതെയും സ്നാനത്തിനു ശേഷവും ശരിയായി പ്രതികരിക്കാതിരുന്നാൽ ദൈവം പ്രവർത്തിക്കയില്ല. മറിച്ച് സ്നാനം എന്നതു ദൈവം മുൻകൂട്ടി നിശ്ചയിച്ച വിശ്വാസത്തിനു വേണ്ടിയുള്ള കൃപയുടെ സന്ധി സങ്കേതമാണ്.[1]

**കൊലൊസ്യർ 2:12, 13ഉം എഫെസ്യർ 2:4-9 ഒരു താരതമ്മ്യം**

രക്ഷക്കു സ്നാനം മാത്രം മതി എന്ന അവകാശവാദത്തിന്നു അനവധി മതസംഘടനകൾ എടുക്കുന്ന വേദഭാഗമാണ് എഫെസ്യർ 2:8, 9. അവർ ഇതു വിശ്വസിക്കുന്നതുകൊണ്ടും സ്നാനം ഒരു പ്രവൃത്തിയായി കരുതുന്നതുകൊണ്ടും, അവർ ദൈവത്തിന്റെ രക്ഷക്കാവശ്യമായ സ്നാനത്തെ പുറത്തു നിർത്തുന്നു.

ഇത്തരം വിവേചനത്താൽ വിശ്വാസത്തെയും രക്ഷയിൽ നിന്നു, മാറ്റിനിർത്താം. 1 പത്രൊസ് 3:21–ൽ, പത്രൊസ് എഴുതി, "സ്നാനമോ നമ്മേയും രക്ഷിക്കുന്നു." ഒരു വാക്യത്തിലെ ഒന്നു മാത്രം *എടുക്കുകയും* മറ്റുള്ളവ *വേണ്ടെന്നു പറയുകയും* ചെയ്യുന്നവർ, ഇവിടെ വിശ്വാസവും മാനസാന്തരവും പറയാത്തതുകൊണ്ട് രക്ഷക്കു, അതു ആവശ്യമില്ലെന്നു പറയുമല്ലൊ, കാരണം അതു 1 പത്രൊസ് 3:21–ൽ പറയുന്നില്ല. അങ്ങനെ ചെയ്താൽ അതു ബൈബിൾ പരസ്പരവിരുദ്ധമെന്നു വരുത്തുന്നു. ബൈബിൾ ശരിയായി, കൈകാര്യം ചെയ്യുന്നവർ മറ്റു വാക്യങ്ങളിൽ പറയുന്നതു ഉൾപ്പെടുത്താതിരിക്കയില്ല. ഈ വിധത്തിൽ ഒരാൾ ബൈബിളിനെ സമീപിച്ചാൽ, ഒന്നിനൊന്നു യോജിച്ചിരിക്കും.

എഫെസ്യർ 2:4–9ഉം കൊലൊസ്യർ 2:12, 13ഉം താരതമ്മ്യം ചെയ്താൽ എഫെസ്യർ 2:8ഉം 1 പത്രൊസ് 3:21ഉം തമ്മിലുള്ള യോജിപ്പ് മനസിലാകും. ഈ വാക്യങ്ങളിലെ പൗലോസിന്റെ പദപ്രയോഗങ്ങളെ ശ്രദ്ധിച്ചാൽ യോജിപ്പ് സ്പഷ്ടമാകും, "... ദൈവമേ, ... അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന, നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും (കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു), ക്രിസ്തുയേശുവിൽ, അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ് തു" (എഫെസ്യർ 2:4–6). എഫെസ്യർ 2:8 5–ാം വാക്യത്തിൽ "കൃപയാൽ രക്ഷിക്കപ്പെട്ടു" എന്നു പറയുന്നു.

ഇവിടെ കൃപയാൽ രക്ഷിക്കപ്പെട്ടു എന്നു പൗലോസ് വിശ്വസിച്ചോ ഇല്ലയോ എ *ന്നല്ല*, ഒരാൾ കൃപയാൽ രക്ഷിക്കപ്പെട്ടു എന്നു അവൻ വിശ്വസിക്കുന്ന *തെപ്പോൾ* എന്നതാണ് ചോദ്യം. പൗലോസിന്റെ വ്യക്തിപരമായ ഉപദേശത്തിൽ നിന്നു എഫെസൊസ് ഇടവകയിലുള്ളവർ അതു മനസിലാക്കിയിരുന്നു, നമുക്കു മനസിലാക്കാൻ മറ്റു വാക്യങ്ങളിലെ പ്രസ്താവനകൾ കൂടെ പഠിക്കേണ്ടതുണ്ട്.

കൊലൊസ്യർക്കു ലേഖനം എഴുതിയതു നോക്കിയാൽ ഈ വിഷയത്തെ കുറിച്ചുള്ള പൗലോസിന്റെ അറിവു വ്യക്തമാകും:

> സ്നാനത്തിൽ, നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു. അതിക്രമങ്ങളിലും

> നിങ്ങളുടെ ജഡത്തിന്റെ, അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടു കൂടെ ജീവിപ്പിച്ചു (കൊലൊസ്യർ 2:12, 13).

എഫെസ്യർക്ക് എഴുതിയതിലും കൊലൊസ്യർക്കു എഴുതിയതിലും ഉള്ള പരസ്പരബന്ധം ശ്രദ്ധിക്കുക. രണ്ടു ലേഖനങ്ങളിലും പൗലൊസ് ഒരേ ആശയമാണ് കൈകാര്യം ചെയ്യുന്നത്: (1) അതിക്രമങ്ങളിൽ മരിച്ച (എഫെസ്യർ 2:5; കൊലൊസ്യർ 2:13), (2) അവനോടു കൂടെ ഉയിർപ്പിച്ചു (എഫെസ്യർ 2:6; കൊലൊസ്യർ 2:12), (3) അവനോടുകൂടെ ജീവിപ്പിച്ചു (എഫെസ്യർ 2:5; കൊലൊസ്യർ 2:13), (4) വിശ്വാസത്താൽ (എഫെസ്യർ 2:8; കൊലൊസ്യർ 2:12), (5) കൈകൊണ്ടല്ലാത്ത, അതായതു., പ്രവൃത്തികൾ കൂടാതെ (കൊലൊസ്യർ 2:11; എഫെസ്യർ 2:9), (6) രക്ഷിക്കപ്പെടും, അതായത്., എല്ലാ അതിക്രമങ്ങളിൽ നിന്നും മോചിക്കപ്പെടും (എഫെസ്യർ 2:8; കൊലോസ്യർ 2:13).

ഈ പ്രസ്താവനകൾ എല്ലാം ഒരേ പോലെ ഇരിക്കുന്നതുകൊണ്ട് പൗലോസ് ഒരേ വസ്തുതയെ കൈകാര്യം ചെയ്യുന്നു എന്നു നിസംശയം പറയാം. അവന്റെ കേൾവിക്കാർ സ്നാനമേറ്റപ്പോൾ കൃപയാൽ വിശ്വാസം മൂലം അതിക്രമങ്ങളിൽ നിന്നു രക്ഷിക്കപ്പെട്ടവരാണ്. “രക്ഷിക്കപ്പെട്ടിരുന്നു” എന്ന എഫെസ്യർ 2:8ലെ പ്രയോഗം *പൂർണ്ണക്രിയാബന്ധമാണ്,* കഴിഞ്ഞകാല പ്രവൃത്തി പൂർത്തിയാക്കി എന്നാണ് സൂചന. “പാപങ്ങൾ ക്ഷമിച്ച” (കൊലൊസ്യർ 2:13), എന്നത് ഒരു *അപൂർണ്ണ ക്രിയയാണ്,* ഇത് സൂചിപ്പിക്കുന്നത് ഭൂതകാല പ്രവൃത്തി തികഞ്ഞു എന്നാണ്.

എപ്പോഴാണ് ഇതു സംഭവിക്കുന്നതെന്നാണ് പൗലോസ് പറഞ്ഞതു? ഒരാൾ സ്നാനത്തിൽ യേശുവിനോടുകൂടെ അടക്കപ്പെട്ട് ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള *വിശ്വാസത്താൽ* ഉയിർത്തെഴുന്നേൽക്കുമ്പോൾ ആണ് സംഭവിക്കുന്നത് (കൊലൊസ്യർ 2:12).

പൗലോസിനെ സംബന്ധിച്ചു, രക്ഷ എന്നതു കൃപയാൽ വിശ്വാസം മൂലം ലഭിക്കുന്നതാണ്. എങ്ങനെയായാലും, ക്രിസ്തുവിനോടുകൂടെ എഴുന്നേറ്റു ജീവിക്കപ്പെടുന്നതുവരെ കൃപയാലുള്ള രക്ഷ കിട്ടുന്നില്ല (എഫെസ്യർ 2:5). ഇതു സംഭവിക്കുന്നതു ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ സ്നാനമേറ്റു ക്രിസ്തുവിനോടുകൂടെ അടക്കപ്പെട്ട്, അവനോടുകൂടെ ഉയിർത്തെഴുന്നേല്ക്കുമ്പോഴാണ് (കൊലൊസ്യർ 2:12, 13). ഒരാൾ സ്നാനത്തിൽ വിശ്വാസത്താൽ അവന്റെ അടക്കത്തിലും ഉയിർപ്പിലും പങ്കാളിയാകുമ്പോഴാണ് ദൈവകൃപയാൽ രക്ഷയും പാപമോചനവും കിട്ടുന്നത്. വിശ്വാസത്തിൽ നിന്നും സ്നാനത്തെ അകറ്റി നിർത്തുന്നവർ പൗലൊസിന്റെ എഫെസ്യലേഖനവും കൊലൊസ്യ ലേഖനവും പഠിപ്പിക്കുന്ന പരസ്പരബ

ന്ധത്തെ നശിപ്പിക്കയാണ്.

എഫെസ്യർ 2:4–9 ഉംകൊലൊസ്യർ 2:12, 13ഉം ഒന്നിച്ചു ചേർ ത്താൽ, രക്ഷയെകുറിച്ചു പൗലോസ് പഠിപ്പിച്ചതു സ്പഷ്ടമാകും:

> നാം അതിക്രമങ്ങളിൽ മരിച്ചവരായിരുന്നിട്ടുപോലും, ദൈവ പ്രവൃത്തിയുടെ വ്യാപാരശക്തിയിലുള്ള വിശ്വാസം മൂലം സ്നാനത്തിൽ യേശുവിനോടുകൂടെ അടക്കപ്പെട്ട് ഉയിർത്തെഴുന്നേല്ക്കുമ്പോൾ ധക്രിസ്തുവിലേക്കു ചേർക്കപ്പെടുന്നു, റോമർ6:3പ, അപ്പോൾ നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും പാപങ്ങളിൽ നിന്നു മോചിപ്പിക്കയും ചെയ്യുന്നു (കൃപയാലാണ് രക്ഷിക്കപ്പെടുന്നത്) അതിനുപ്രവർത്തികളും കാരണമല്ല എന്നു കാണിക്കേണ്ടതിന്നാണ് കൃപയാലത്രേ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു; നിങ്ങളുടേതല്ല, എന്നു വരേണ്ടതിന്നു ദൈവത്തിന്റെ ദാനമത്രേ; ആരും പ്രശംസിക്കാതിരിക്കേണ്ടതിന്നു ധമനുഷ്യരുടെ കൈപ്രവൃത്തിയുടെ ഫലമല്ലപ, പ്രവർത്തികളും കാരണമല്ല.

പാപങ്ങളെ മോചിക്കാൻ സഹജമായ കഴിവു സ്നാനത്തിനില്ലാത്തതുകൊണ്ട്, ഒരാൾ സ്നാനമേല്ക്കുമ്പോൾ അതു ദൈവകൃപയാൽ വരണം, ദൈവത്തിന്റെ വ്യാപാര ശക്തിയാൽ വിശ്വാസം മൂല മുള്ള രക്ഷ സ്നാനത്തെ മാറ്റി നിർത്തുന്നില്ല. മറിച്ചു ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതാണ് പൗലോസ് തെളിച്ചു പഠിപ്പിക്കുന്നതു (എ ഫെ സ്യർ 2:4–9 ഉം കൊലൊസ്യർ 2:12, 13, അത് താരതമ്യം ചെയ്താൽ എഫെസ്യർ 2:8ഉം 1 പത്രൊസ് 3:21ഉം). ആയി അതു യോജിക്കുന്നു എന്നു കാണാം.

### 1 കൊരിന്ത്യർ 1:17

1 കൊരിന്ത്യർ 1:17 ൽ, “സ്നാനം കഴിപ്പാനല്ല, സുവിശേഷം അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചത്.” ഈ വാക്യം എടുത്തുകൊണ്ട് പൗലോസ് സ്നാനത്തിനു വലിയ പ്രാധാന്യം കല്പി*ച്ചല്ല* പഠിപ്പിക്കുന്നതു എന്നു പറയുന്നവരുണ്ട്. അത്തരം നിഗമനം സത്യത്തിൽ നിന്നു വളരെ അകലെയാണ്, പൗലോസ് സ്നാനപ്പെടുത്തുകയും അനേകരെ സ്നാനത്തിനുഉത്തേജിപ്പിക്കയും ചെയ്തിട്ടുണ്ട് (പ്രവൃത്തി 18:8).

ഗ്രീക്കിൽ ഈ ഘടന (*ou*, not ... *alla*, but) തർജ്ജിമ ചെയ്തിരിക്കുന്നതു “സ്നാനപ്പെടുത്തുവാ*നല്ല*, *എന്നാൽ* സുവിശേഷം അറിയിപ്പാനത്രേ” എന്നാണ്. ഇതു ഒരു തരത്തിൽ *രണ്ടാമത്തെ* കാര്യത്തെ, *ഒന്നാമത്തേതിനെ* ഉപേഷിക്കാതെ ഊന്നൽ കൊടുത്തുപറയുന്ന രീതിയാണ്. ഈ ഘടനാ രീതിയെക്കുറിച്ചു റോബർട്ട് ഡബ്ലിയു ഫങ്ക് ഇപ്രകാരം പറഞ്ഞു, “*ou* ... *alla* also means ‘not so much ... as’ ഇതിൽ ആദ്യത്തെ മൂലകത്തെ മുഴുവനായി എടുത്തു കളയുന്നില്ല, എന്നാൽ ശബ്ദം

താഴ്ത്തിയിരിക്കുന്നു: (മർക്കൊസ് 9:37 ..., മത്തായി 10:20, യോഹന്നാൻ 12:44, പ്രവൃത്തി 5:4, മുതലായവ)."[2] മാക്സിമിലിയൻ സെർവിക്ക് ഇതിനെക്കുറിച്ച് പറയുന്നത് Negative with Conjunction, "... രണ്ടു കാര്യങ്ങളിൽ ഒന്നിനു ഊന്നൽ കൊടുക്കുവാൻ, ഉപയോഗിക്കുന്ന രീതിയാണ്, അധികമായി എ പോലെ ബി അധികമല്ല, അല്ലെങ്കിൽ, എ യ്ക്കു പകരം ബി." ഉദാഹരണം നല്കുന്ന വാക്യങ്ങൾ 1 കൊരിന്ത്യർ 1:17; മത്തായി 10:20; യോഹന്നാൻ 12:44; മർക്കൊസ് 9:37; ലൂക്കോസ് 10:20; യോഹന്നാൻ 7:16.[3] മറ്റു ഗ്രാമർ പണ്ഡിതന്മാരും ഇതേ വീക്ഷണം ഉള്ളവരാണ്.[4]

1 കൊരിന്ത്യർ 1:17-ൽ പൗലോസ് പറയുന്നതു ക്രിസ്തു എന്നെ വെറും സ്നാനപ്പെടുത്താവാൻ മാത്രമല്ല അയച്ചതു, സുവിശേഷം അറിയിക്കാൻ കൂടെയാണ്. സ്നാനത്തിനു പ്രാധാന്യമില്ലെന്നല്ല, അവൻ പറഞ്ഞതു. *ആദ്യത്തെ* പ്രാധാന്യം സുവിശേഷം പ്രസംഗിക്കുന്നതിനും *രണ്ടാമത്തെ* പ്രാധാന്യം സ്നാനത്തിനുമാണുള്ളത്. ഇതു വാസ്തവമാണ് കാരണം സുവിശേഷത്തെ മനസിലാക്കാതെ സ്നാനത്തിന്റെ ഉദ്ദേശവും അർത്ഥവും മനസിലാക്കാതെ വെറുതെ സ്നാനപ്പെടുത്തിയാൽ അതിന്റെ പ്രയോജനം ലഭിക്കുക*യില്ല*. രക്ഷ എന്നതു സ്നാനമെന്നതിനേക്കാൾ ഉപരിയാണ്; അതുകൊണ്ടു, പ്രഥമ മുൻഗണന സുവിശേഷ പ്രസംഗത്തിനാണ്. അങ്ങനെ കേൾവിക്കാർക്കു ഉത്തരവാദിത്തത്തോടെ സ്നാനവുമായി ബന്ധപ്പെട്ടു സമർപ്പിക്കുവാൻ കഴിയും. സ്നാനപ്പെടുന്നവർ സുവിശേഷം മനസിലാക്കേണ്ടതിനെ ആവശ്യകതയെ പൗലോസ് വ്യക്തമാക്കി കൊടുക്കയാണ്.

### 1 കൊരിന്ത്യർ 12:13

സ്നാനത്തെ കുറിച്ചു പൗലോസ് പഠിപ്പിക്കുന്ന മറ്റൊരു വേദഭാഗമാണ് 1 കൊരിന്ത്യർ 12:13. ഇതിനെ സംബന്ധിച്ച് ഇതിൽ, തന്നെ മുൻ പേജുകളിൽ ചർച്ച ചെയ്തിട്ടുണ്ട്.

### ഉപസംഹാരം

യേശുവിന്റെ വീണ്ടെടുപ്പു പ്രവൃത്തിയോടുള്ള ഹൃദയത്തി ന്റെ പ്രവൃത്തിയായിട്ടാണ് പൗലോസ് സ്നാനത്തെ കണ്ടത്. സ്നാനത്തിനു കീഴ്പ്പെടുന്ന വ്യക്തിയുടെ ജീവിതത്തെ ബാധിക്കുന്ന പ്രവൃത്തിയായിട്ടാണ് അവൻ അതിനെ പരിഗണിച്ചത്. സ്നാനമെന്ന ഭൗതിക പ്രവൃത്തിയിൽ യേശുവുമായുള്ള ആത്മീയ ബന്ധത്തെയാണ് പൗലോസ് വരച്ചു കാണിക്കുന്നത്. യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോടുള്ള ബന്ധത്തിൽ, ദൈവത്തോടുള്ള പുതിയ ബന്ധവും പുതിയ ജീവിതവും നയിക്കേണ്ടതിനെന്നു കാണിക്കുന്നു, അപ്പോൾ പഴയ മനുഷ്യനെ നീക്കി പുതുമനുഷ്യനാകേണ്ടതിന്നു ക്രിസ്തുവിനെ ധരിക്കുന്നു, അങ്ങനെ അയാൾ തന്റെ കഴിഞ്ഞ പാപങ്ങൾ മോചിക്കപ്പെട്ടു,

സ്വതന്ത്രനാകുന്നു. വെറും ഒരു ചടങ്ങിനായി സ്നാനപ്പെടുന്നതിനേക്കാൾ വിലയുള്ളതായിട്ടാണ് പൗലോസ് സ്നാനത്തെ പരിഗണിച്ചത്.

---

കുറിപ്പുകൾ

[1]ജി. ആർ. ബെസ്ലേ - മുറേ, *ബാപ്റ്റിസം ഇൻ ദി ന്യൂടെസ്റ്റ്മെന്റ്* (ഗ്രാന്റ് റാപ്പിഡ്, മെക്ക്.: ഡബ്ലിയൂഎം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1977), 273. [2]റോബർട്ട് ഡബ്ലിയു. ഫങ്ക്, *എ ഗ്രീക്ക് ഗ്രാമർ ഓഫ് ദി ന്യൂ ടെസ്റ്റമെന്റ്* (ഷിക്കാഗോ: ചിക്കാഗോ യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രെസ്, 1961), 233. [3]മാക്സി മിലയൻ സെർവിക്ക്, *ബിബിളിക്കൽ ഗ്രീക്ക്*, ട്രാൻസ്. ജോസഫ് സ്മിത്ത് (റോം: എൻ.പി., 1963), 150. [4]ഉദാഹരണമായി, നോക്കുക, ജെയിംസ് എച്ച് മോൾട്ടൺ, *എ ഗ്രാമർ ഓഫ് ദി ന്യൂ ടെസ്റ്റമെന്റ് ഗ്രീക്ക്*, വാല്യം. 1, 3d ed. (എഡിൻബർഗ്: റ്റി ആന്റ് റ്റി ക്ലാർക്ക്, 1906), 329.